# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.11 — 09-06-2014-ൽ മറുപടിക്ക്

## നീര ടോഡി ബോർഡ്

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സണ്ണി ജോസഫ്:<br>" കെ. മുരളീധരൻ:<br>" ആർ. സെൽവരാജ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാനും, നീരയുടെ ഉത്പാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി സർക്കാർ നിയമിച്ച ഉന്നതതലകമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ടോഡി – നീര ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, നികുതി വകുപ്പ് സെക്രട്ടറി, തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടോഡി നീര ബോർഡ് രൂപീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തെങ്ങു കൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും, രാജ്യത്തെ മറ്റു ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക യെന്ന ലക്ഷ്യത്തോടുകൂടി കൃഷി - എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് സർക്കാർ രൂപീകരിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | തെങ്ങു കൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും, രാജ്യത്തെ ഇതരഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നതാണ് നാളികേര- നീര ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | | (സി) യും, (ഡി) യും<br>ഇല്ല |
| (ഡി) | എങ്കിൽ പ്രസ്തുത പഠനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | | |

സെക്ഷൻ ആഫീസർ